# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2528 | 05/11/2019-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ടി.എ. റഹീം** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | നിലവിലുള്ള സെക്ഷൻ ഓഫീസുകളുടെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000 ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കോഴിക്കോട് ജില്ലയിലെ പൂവാട്ടുപറമ്പ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | കോഴിക്കോട് ജില്ലയിലെ പൂവാട്ടുപറമ്പ ആസ്ഥാനമായി പുതിയ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

4